ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) നിലവിലുള്ള നിയമമനുസരിച്ച് മാവേലിസ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകളിൽ ഓരോ മാവേലിസ്റ്റോർ തുറക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതു പൂർത്തിയാകുന്ന മുറയ്ക്ക് ജനസംഖ്യ കൂടുതലുള്ള പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഒന്നിലധികം മാവേലി സ്റ്റോറുകൾ തുറക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

റേഷൻഷാപ്പുകളിലൂടെ വില്പന നടത്തുന്ന അരിയുടെ വില

146 (1061) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻഷാപ്പുകളിലൂടെ വില്പന നടത്തുന്ന അരിയുടെ വില എത്രയാണ് ;

(ബി) കഴിഞ്ഞ വർഷം വിലയുടെ തോത് എത്രയായിരുന്നു ;

(സി) റേഷൻ കടകളിൽ അരിയുടെ ചെലവ് ഗണ്യമായി കുറഞ്ഞിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ വർഷവും ഈ വർഷവും തമ്മിൽ ചെലവ് എത്ര വ്യത്യാസം വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)	എ. പി. എൽ. (നോർമൽ)	11.90 രൂപ
	എ. പി. എൽ. (സംസ്ഥാന സബ്സിഡിയോടെ)	10.00 രൂപ
	ബി. പി. എൽ.	6.20 രൂപ
(ബി)	എ. പി. എൽ. അരി	12.40 രൂപ
	എ. പി. എൽ. (സംസ്ഥാന സബ്സിഡി)	11.40 രൂപ
	ബി. പി. എൽ.	6.40 രൂപ

(സി) ഉണ്ട്.

(ഡി) 1999 ജനുവരി മുതൽ ഡിസംബർ വരെ 1357782 മെ:ടൺ അരി ചെലവായി. 2000 ജനുവരി മുതൽ ഡിസംബർ വരെ 656618 മെ:ടൺ അരി ചെലവായി. 2000 വർഷത്തിൽ 701164 മെ:ടൺ അരിയുടെ ചെലവ് കുറഞ്ഞിട്ടുണ്ട്.

അന്ത്യോദയ അന്നയോജന പദ്ധതി

147 (1082) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റിന്റെ അന്ത്യോദയ അന്നയോജന പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തുള്ള എത്ര കുടുംബങ്ങൾക്ക് കിട്ടുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly